"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വിളത്തൂർ എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിന്ധു പി.പി. ഫയൽ ചെയ്ത WP(C)No. 2478/2022-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 12.07.2022-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4119/2023/GEDN തീയതി, തിരുവനന്തപുരം, 13-07-2023

---

പരാമർശം:-

1. പാലക്കാട് വിളത്തൂർ എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിന്ധു പി.പി.യുടെ 10/01/2022 തീയതിയിലെ പുനഃപരിശോധനാ ഹർജി.(Ext.P9)
2. ബഹു. കേരള ഹൈക്കോടതിയുടെ 12.07.2022-ലെ W.P.(C) No. 2478/2022-ന്മേലുള്ള വിധിന്യായം.
3. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/08/2022 തീയതിയിലെ സി/4243/2017 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05/09/2022 തീയതിയിലെ DDEPKD/607/2022-B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് വിളത്തൂർ എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിന്ധു പി.പി. ഫയൽ ചെയ്ത WP(C)No.2478/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ, ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പരിശോധനാ ഹർജി (Ext.P9) ഹർജിക്കാരിയെയും നാലാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവായി. അപ്രകാരം 11/10/2022-ൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

**2. ഹർജിക്കാരിയായ ശ്രീമതി.സിന്ധു.പി.പി യുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്.**

ബഹു.സുപ്രീം കോടതിയുടെ Sneha Cheriyan Vs State of Kerala KLT 755

നമ്പർ കേസിലെ വിധിന്യായത്തെത്തുടർന്ന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ശ്രീമതി.സിന്ധു പി.പി.ക്ക് **01.01.2007** മുതൽ തുടർച്ചയായി **31.12.2011** വരെ റഗുലർ സ്കെയിലിൽ തന്നെ (ആദ്യ അവധിക്കാല ശമ്പളമൊഴികെ) ശമ്പളം അനുവദിച്ചുകിട്ടേണ്ടതാണ്.

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ അവധി ഒഴിവും റഗുലർ ഒഴിവും സേവനാനുകൂല്യങ്ങൾക്ക് ഒന്നായി പരിഗണിക്കാമെന്ന കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം **14** എ ചട്ടം **61** എ-യുടെ ബലത്തിൽ, സർക്കാർ നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെതന്നെ അവധിക്കാല ഒഴിവിലെ നിയമനങ്ങൾ റഗുലർ നിയമനത്തോടുചേർത്ത് ഹയർ ഗ്രേഡ് അനുവദിക്കണമെന്ന് **28.09.2021**-ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

അതിനാൽ ശ്രീമതി.സിന്ധു പി.പി.യുടെ **02.01.2007** മുതൽ **31.12.2011** വരെയുള്ള സേവനം തുടർച്ചയായി (അവധിക്കാല ശമ്പളമൊഴികെ) റഗുലർ സ്കെയിലിൽ അംഗീകരിക്കുന്നതിനും അവധി ഒഴിവിലെ സേവനം റഗുലർ സ്കെയിലിനോട് ചേർന്ന് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, വെയ്റ്റേജ്, ശമ്പളപരിഷ്കരണം എന്നിവ അനുവദിക്കുന്നതിനും പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അടിയന്തര നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

**3.ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും റിപ്പോർട്ടുകൾ ചുവടെ ചേർക്കും പ്രകാരമാണ്.**

പാലക്കാട് പട്ടാമ്പി വിളത്തൂർ എ.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി.മറിയ കെ.പി. **01.01.2007** മുതൽ **31.12.2011** വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ മാനേജർ **02.01.2007** മുതൽ **31.12.2011** വരെ ശ്രീമതി.സിന്ധു പി.പി.യെ നിയമിക്കുകയും പ്രസ്തുത നിയമനം അധ്യയന വർഷത്തിന്റെ അവസാനത്തിൽ ആയതിനാൽ **02.01.2007** മുതൽ **30.03.2007** വരെ നിജപ്പെടുത്തിക്കൊണ്ട് പട്ടാമ്പി ഉപജില്ലാ ഓഫീസിലെ **24.04.2007** തീയതിയിലെ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകുകയും ചെയ്തു.

തുടർന്ന് ഇതേ ഒഴിവിൽ **01.06.2007** മുതൽ **31.12.2011** വരെ ശ്രീമതി.സിന്ധു പി.പി.ക്ക് മാനേജർ ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി വീണ്ടും നിയമനം നൽകുകയും അത് പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ **21.11.2007** തീയതിയിലെ ഉത്തരവ് പ്രകാരം സ്കൂൾ തുറന്ന് അധ്യയനം ആരംഭിച്ച **04.06.2007** മുതൽ **31.12.2011** വരെ അംഗീകരിച്ച് നൽകുകയും ചെയ്തു.

നിയമനകാലാവധി അവസാനിച്ചതിനാൽ ശ്രീമതി.സിന്ധു പി.പി **31.12.2011**-ന് ടെർമിനേറ്റ് ആവുകയും ചെയ്തു. എന്നാൽ ശൂന്യവേതനാവധിയിൽ ആയിരുന്ന ശ്രീമതി.മറിയ കെ.പി. **01.01.2012**-ന് സേവനത്തിൽ നിന്നും രാജിവെക്കുകയും ഇതിനെ തുടർന്ന് സംജാതമായ എൽ.പി.എസ്.ടി ഒഴിവിൽ **51** എ അവകാശിയായ ശ്രീമതി.സിന്ധു പി.പി.യെ **02.01.2012** മുതൽ മാനേജർ തുടർച്ചയായി നിയമിക്കുകയുമാണുണ്ടായത്. പ്രസ്തുത നിയമനം **21.05.2012**-ലെ

ഉത്തരവ് പ്രകാരം ഉപജില്ലാ വിദ്യഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ച് നൽകി.

എന്നാൽ പിന്നീട് ശ്രീമതി.സിന്ധു പി.പി.ക്ക് ടൈം ബൗണ്ട് ഹയർ ഗ്രേഡ് അനുവദിക്കുന്നതിനായി സേവന പരിശോധന നടത്തുന്ന സമയത്ത് ശ്രീമതി.സിന്ധു പി.പി.യുടെ അവധി ഒഴിവിലെ **04.06.2007** മുതൽ **31.12.2011** വരെയുള്ള സേവന കാലയളവിനും **01.01.2012**-ന് ഒരു ദിവസത്തെ സേവന ഭംഗം കണക്കിലെടുക്കാതെ **02.01.2012**-നായിരുന്നു റഗുലർ സർവ്വീസിൽ പ്രവേശിച്ചത് എന്നും, പ്രസ്തുത സേവന ഭംഗം കണക്കിലെടുക്കാതെ **02.01.2012** മുതൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് കാലയളവിൽ വാങ്ങിക്കൊണ്ടിരുന്ന അതേ നിരക്കിൽ തുടർന്നും ശമ്പളം വാങ്ങിച്ചു കൊണ്ടിരിക്കുകയാണെന്നും ശ്രദ്ധയിൽപ്പെടുകയും, അതിനാൽ ടിയാരിയുടെ ശമ്പളം **02.01.2012** മുതൽ പുനഃക്രമീകരിച്ച് അധികം വാങ്ങിയ തുക തിരിച്ചടച്ച് രേഖകൾ ഹാജരാക്കുന്നതിന് **21.10.2017**-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയതായും പട്ടാമ്പി ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ കത്ത് ലഭിച്ചതിനുശേഷം ശ്രീമതി.സിന്ധു പി.പി. **01.01.2012**-ലെ സേവനഭംഗം ഒഴിവാക്കി നൽകുവാൻ ആവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് **18.11.2017** തീയതി അപേക്ഷ നൽകുകയും, പ്രസ്തുത അപേക്ഷയിൽമേൽ **24.05.2019** തീയതിയിലെ കത്ത് പ്രകാരം **01.01.2012** തീയതിയിൽ ശ്രീമതി.സിന്ധു പി.പി. സേവനത്തിൽ ഇല്ലാത്തതിനാൽ ടി ദിവസം ശൂന്യവേതനാവധി ആയോ നോൺ ഡ്യൂട്ടി ആയോ ക്രമീകരിച്ച് സേവനഭംഗം ഒഴിവാക്കണമെന്ന അപേക്ഷ നിലവിലെ ചട്ടങ്ങൾ പ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും, റെഗുലർ നിയമനം ആരംഭിക്കുന്ന **02.01.2012** മുതൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയുടെ പ്രാരംഭ ശമ്പളത്തിന് മാത്രമേ അർഹതയുള്ളൂ എന്നും സർക്കാർ അറിയിക്കുകയുണ്ടായി.

തുടർന്ന് ശ്രീമതി.സിന്ധു പി.പി. ഒരു പുനഃപരിശോധന ഹർജി സമർപ്പിക്കുകയും നമ്പർ **17253/2019** ആയി ഒരു റിട്ട് പെറ്റീഷൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷന്മേലുള്ള വിധിന്യായത്തിൽ ശ്രീമതി.സിന്ധു പി.പി.യുടെ അപേക്ഷ പരിഗണിച്ച് ടിയാരിയെ നേരിട്ട് കേട്ടതിനു ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിൽ **24.12.2019**ന് ഹിയറിംഗ് നടത്തി സ.ഉ.(സാധാ) **885/2020**/പൊ.വി.വ തീയതി **19.2.2020** ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത ഉത്തരവ് പ്രകാരം **04.06.2007** മുതൽ ഒരു വർഷത്തെ സേവനം പൂർത്തിയാകുന്ന മുറയ്ക്ക് കെ.ഇ.ആർ അധ്യായം **14** എ ചട്ടം **61 (2)** എ യിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സിന്ധു പി.പി.ക്ക് ഇൻക്രിമെന്റ് അനുവദിക്കുന്നതിനും, തുടർന്ന് **01.01.2012**-ൽ സേവനഭംഗം വന്നതിനാൽ ബ്രോക്കൺ സർവ്വീസ് കൂടി പരിഗണിച്ച് അർഹമായ തീയതിയിൽ ഹയർഗ്രേഡ്

നൽകുന്നതിനും നിർദ്ദേശിച്ചു.

തുടർന്ന് ഉത്തരവിൽ വ്യക്തത ആവശ്യപ്പെട്ട് **03.12.2020, 19.8.2021** തീയതികളിൽ പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സർക്കാരിന് കത്ത് നൽകുകയും, അതിൻമേൽ ശ്രീമതി സിന്ധു പി.പി.യുടേത് പുതിയ നിയമനമാണെന്നും, വ്യവസ്ഥാപിതമായ നിയമന ഉത്തരവില്ലാത്തതിനാൽ **01.01.2012** സേവനഭംഗം തന്നെയാണെന്നും **02.01.2012** മുതൽ എൽ.പി.എസ്.ടി തസ്തികയിലെ പ്രാരംഭ ശമ്പളത്തിന് മാത്രമേ അർഹതയുള്ളൂ എന്നും **2.1.2012**-ലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. കൂടാതെ, ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സമയത്ത് അധികമായി കൈപ്പറ്റുന്ന തുക തിരിച്ചടയ്ക്കാം എന്ന് ശ്രീമതി.സിന്ധു സത്യവാങ്മൂലം എന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടെങ്കിൽ അധികമായി കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ ശ്രീമതി.സിന്ധു പി.പി. **02.01.2007** മുതൽ **31.12.2011** വരെയുള്ള നിയമനം തുടർച്ചയായി അംഗീകരിച്ചു കൊണ്ട് ക്രമീകരിക്കുന്നതിനും **01.01.2012**-ലെ സേവനഭംഗം കൂടി ഉൾപ്പെടുത്തിക്കൊണ്ട് തുടർച്ചയായ സേവനമായി പരിഗണിച്ച് ആനുകൂല്യങ്ങൾ അനുവദിക്കാൻ ആവശ്യപ്പെട്ട് നം.**2478/2022** ആയി ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത് എന്ന് അറിയിക്കുന്നു.

**4.** സർക്കാർ ഇക്കാര്യം ഹർജിക്കാരി ഉന്നയിച്ചിട്ടുള്ള വാദങ്ങൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി.സിന്ധു പി.പി.ക്ക് **2.1.2007** മുതൽ **30.3.2007** വരെയും **4.6.2007** മുതൽ **31.12.2011** വരെയും അവധി ഒഴിവിലാണ് നിയമനാംഗീകാരം ലഭ്യമായിരിക്കുന്നത് എന്നതിനാലും, തുടർന്ന് **2.01.2012** മുതലാണ് ടിയാൾ സ്ഥിരം ഒഴിവിൽ സേവനത്തിൽ പ്രവേശിക്കുന്നത് എന്നതിനാലും, **01.01.2012**-ലെ സേവനഭംഗം ക്രമീകരിക്കാൻ കഴിയാത്തതിനാൽ **02.01.2012** മുതൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിലെ പ്രാരംഭ ശമ്പളത്തിന് മാത്രമേ അർഹതയുള്ളൂവെന്നും, എന്നാൽ അവധി ഒഴിവിലെ സേവനം റഗുലർ ഒഴിവിലെ സേവനത്തോട് ചേർത്ത് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, വെയ്റ്റേജ്, ശമ്പളപരിഷ്കരണം എന്നിവ അനുവദിക്കാവുന്നതാണെന്നും, പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് വിളത്തൂർ എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിന്ധു പി.പി. സർക്കാരിൽ സമർപ്പിച്ച പരാമർശം **1** പുനഃപരിശോധനാ ഹർജി **(EXt. P9)** തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം **2** വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി, പാലക്കാട് ജില്ല.
മാനേജർ, എ.എൽ.പി. സ്കൂൾ, വിളത്തൂർ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ എ എൽ പി സ്കൂൾ, വിളത്തൂർ, പാലക്കാട്.
ശ്രീമതി. സിന്ധു പി.പി., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.എൽ.പി. സ്കൂൾ, വിളത്തൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് ത്ത

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 13-07-2023 16:49:53

സെക്ഷൻ ഓഫീസർ